**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6349** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ട അവസ്ഥയിൽ ഇത്തരം കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഓരോ വകുപ്പിലും ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ ടിയാളുടെ കുടുംബത്തിന് അർഹത പരിശോധിച്ച് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/-രൂപ ധനസഹായം അനുവദിച്ച് വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം പദ്ധതികളിലുൾപ്പെടുത്തി സഹായധനം ലഭ്യമാക്കിയവരുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2296 പേർക്ക് 43,71,00,000/-രൂപ (നാല്പത്തി മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) നാളിതുവരെ അനുവദിച്ചിട്ടുണ്ട്. 103 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ധനസഹായം സംബന്ധിച്ച അപേക്ഷകളിൽ ഇനിയും തീർപ്പ് കല്പിക്കാത്തവയുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ? | (സി) | ഏകവരുമാനയദാകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിലെ 1850 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാനുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ 54 അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ